# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 13**

---

## അന്തർ സർവകലാശാലാ സൈക്ലിംഗ്;എം.ജിക്ക് വെള്ളി

*ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന അഖിലേന്ത്യാ അന്തർ സർവകലാശാല സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ 500 മീറ്റർ ടൈം ട്രയൽ റേസിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ വി.എസ് സഞ്ജന വെള്ളി മെഡൽ നേടി. 27 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് അഖിലേന്ത്യാ അന്തർ സർവകലാശാലാ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ എം.ജി സർവകലാശാല മെഡൽ നേടുന്നത്.*

*ചങ്ങനാശേരി അസംപ്ഷൻ കോളജിലെ ബി.എ വിദ്യാർഥിനിയ സഞ്ജന എറണാകുളം സ്വദേശിനിയാണ്. അജയ് പീറ്റർ ആണ് പരിശീലകൻ.*

*ഫോട്ടോ ക്യാപ്ഷൻ...*

**MGU SANJANA CYCLING**

*ഒഡീഷയിൽ നടന്ന അഖിലേന്ത്യാ അന്തർ സർവകലാശാലാ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ 500 മീറ്റർ ടൈം ട്രയൽ റേസിൽ വെള്ളി നേടിയ മഹാത്മാ ഗാന്ധി സർവകലാശാലയുടെ സഞ്ജന വി.എസ്. മാനേജർമാരായ കെ.ജി. ഹനീഫ, ദീപ്തി മോൾ കോച്ച് അജയ് പീറ്റർ എന്നിവർക്കൊപ്പം.*

*(പി.ആർ.ഒ/39/1377/2025)*

## ഭിന്നശേഷി വിദ്യാർഥികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ(ഐയുസിഡിഎസ്) ആഭിമുഖ്യത്തിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെയും പരിസര പ്രദേശങ്ങളിലെയും ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കുമായി ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു.*

*ഐയുസിഡിഎസ് ഓണററി ഡയറക്ടറും സംസ്ഥാന ഭിന്നശേഷി കമ്മീഷണറുമായ ഡോ. പി.ടി. ബാബുരാജ് യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. പട്ടിത്താനം സാൻ*

ജോസ് സ്പെഷ്യൽ സ്കൂൾ, കോട്ടയം അനുഗ്രഹ സ്പെഷ്യൽ സ്കൂൾ, വില്ലൂന്നി സതീർത്ഥ്യ സ്പെഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികളും അതിരമ്പുഴ പഞ്ചായത്തിൽനിന്നുള്ളവരും പങ്കെടുത്തു.

ഡോ. പി.ടി. ബാബുരാജ്, ഐയുസിഡിഎസ് ഫാക്കൽറ്റി കോ-ഓർഡിനേറ്റർ ഡോ. വി.സി. ഷൈജു, സ്റ്റുഡന്റ് കോ-ഓർഡിനേറ്റർമാരായ തരുൺ തോമസ്, സോന ബോബി, ഐയുസിഡിഎസ് ജീവനക്കാർ വിദ്യാർഥികൾ എന്നിവരും യാത്രയിൽ പങ്കുചേർന്നു. സംഘം തട്ടേക്കാട് പക്ഷി സങ്കേതം, ഭൂതത്താൻകെട്ട് എന്നിവിടങ്ങൾ സന്ദർശിച്ചു.

ഫോട്ടോ ക്യാപ്ഷൻ...

MGU-IUCDS TOUR

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കുമായി സംഘടിപ്പിച്ച ഏകദിന വിനോദയാത്ര സെന്റർ ഡയറക്ടറായ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ഡോ. പി.ടി. ബാബുരാജ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.

(പി.ആർ.ഒ/39/1378/2025)

## ഫിറ്റ്നെസ് ട്രെയിനർ, വനിതാ ഫിറ്റ്നെസ് ഇൻസ്ട്രക്ടർ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ ഫിറ്റ്നെസ് ട്രെയിനർ, വനിതാ ഫിറ്റ്നെസ് ഇൻസ്ട്രക്ടർ തസ്തികകളിലെ ഓരോ ഒഴിവുകളിൽ താത്കാലിക നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ മാർച്ച് 24ന് നടക്കും. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

പ്ലസ് ടൂ അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവരെയാണ് രണ്ടു തസ്തികകളിലേക്കും പരിഗണിക്കുന്നത്. അംഗീകൃത സ്ഥാപനങ്ങളിൽ യഥാക്രമം ഇൻസ്ട്രക്ടർ, ഫിറ്റ്നെസ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളിൽ ആറു മാസത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. പ്രതിമാസ വേതനം 15000 രൂപ. താമസവും ഭക്ഷണവും സൗജന്യം. പ്രായം 21നും 45നും ഇടയിൽ.

രാവിലെ 5.30 മുതൽ എട്ടു വരെയും വൈകുന്നേരം നാലു മുതൽ ഏഴുവരെയുമാണ് ഫിറ്റ്നെസ് സെന്ററിന്റെ പ്രവർത്തന സമയം. താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം 20ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട് സയൻസസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ എത്തണം. ഫോൺ-0481 2733377

*(പി.ആർ.ഒ/39/1379/2025)*

## കുടുംബശ്രീ അംഗങ്ങൾക്കായി ശിൽപ്പശാല നടത്തി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സും പള്ളം ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി കുടുംബശ്രീ പ്രവർത്തകർക്കായി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.*

*സാമ്പത്തിക സാക്ഷരതയും സ്ത്രീകളുടെ അഭിവൃദ്ധിയും എന്ന റിസർവ് ബാങ്കിന്റെ സാമ്പത്തിക സാക്ഷരതാ വാരാചരണത്തിന്റെ വിഷയത്തെ അടിസ്ഥാനമാക്കിയാണ് പരിപാടി നടത്തിയത്.*

*കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് ഡയറക്ടർ ഡോ. ജോണി ജോൺസൺ അധ്യക്ഷത വഹിച്ചു. സർവകലാശാലാ സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ആമുഖ പ്രഭാഷണവും പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രഫ. ടോമിച്ചൻ ജോസഫ് മുഖ്യ പ്രഭാഷണവും നടത്തി. പള്ളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് രജനി അനിൽ, ബ്ലോക്ക് പഞ്ചായത്തംഗം ഷീലാമ്മ ജോസഫ് എന്നിവർ സംസാരിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ...*

MGU - KUDUBASREE WORKSHOP

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സും പള്ളം ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി സർവകലാശാലയിൽ കുടുംബശ്രീ പ്രവർത്തകർക്കായി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/39/1380/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*മൂന്നാം സെമസ്റ്റർ എംഎസ്സി ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ) പരീക്ഷകൾ ഏപ്രിൽ രണ്ടിന് ആരംഭിക്കും. മാർച്ച് 19*

*വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി മാർച്ച് 20 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 21 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1381/2025)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽ.എൽ.ബി (2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.*

*പുനർ മൂല്യനിർണയത്തിനും  സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 27വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1382/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**